روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

ഈസാ നബി (അ) ജീവിതവും സന്ദേശവും

sufaraulislam.com

24/12/2021

بسم الله الرحمن الرحيم

- ലോക വിശ്വാസികൾക്ക് മാതൃകയായി പരിചയപ്പെടുത്തപ്പെട്ട വനിതയാണ് മർയം ബീവി.
- ഖുർആനിലെ പത്തൊമ്പതാം അധ്യായം തന്നെ ആ മഹതിയുടെ പേരിലാണ് അറിയപ്പെടുന്നത്.
- അവരുടെ പുത്രനാണ് ഈസാ നബി.
- അദ്ദേഹത്തിന്റെ ജനനം, റബ്ബിലേക്ക് ഉയർത്തപ്പെട്ടതു, വീണ്ടും ഇറങ്ങി വരുന്നത് എല്ലാം അൽഭുത സംഭവങ്ങളത്രെ.

**1. അൽഭുത ജനനം**

**ജിബ്‌രീൽ സന്തോഷ വാർത്ത അറിയിക്കുന്നു**

قَالَ إِنَّمَا أَنَا رَسُولُ رَبِّكِ لِأَهَبَ لَكِ غُلَامًا زَكِيًّا ﴿مريم: ١٩﴾

**ആശ്ചര്യപ്പെടുന്ന മർയം**

قَالَتْ أَنَّىٰ يَكُونُ لِي غُلَامٌ وَلَمْ يَمْسَسْنِي بَشَرٌ وَلَمْ أَكُ بَغِيًّا ﴿ مريم :٢٠﴾

**കുഞ്ഞു പിറന്നപ്പോൾ നാട്ടുകാരുടെ ശക്തമായ പരിഹാസത്തിന് വിധേയമാകുന്നു**

يَا أُخْتَ هَارُونَ مَا كَانَ أَبُوكِ امْرَأَ سَوْءٍ وَمَا كَانَتْ أُمُّكِ بَغِيًّا ﴿مريم :٢٨﴾

**ആരോപണങ്ങൾക്കൊന്നും മറുത്തു പറയാതെ കുഞ്ഞിലേക്ക് വിരൽ ചൂണ്ടുന്നു.**

فَأَشَارَتْ إِلَيْهِ ۖ قَالُوا كَيْفَ نُكَلِّمُ مَن كَانَ فِي الْمَهْدِ صَبِيًّا ﴿ مريم :٢٩﴾

**ഈസാ നബി തൊട്ടിലിൽ കിടന്നു സംസാരിക്കുന്നു**

الَ إِنِّي عَبْدُ اللَّهِ آتَانِيَ الْكِتَابَ وَجَعَلَنِي نَبِيًّا ﴿٣٠﴾ وَجَعَلَنِي مُبَارَكًا أَيْنَ مَا كُنتُ وَأَوْصَانِي بِالصَّلَاةِ وَالزَّكَاةِ مَا دُمْتُ حَيًّا ﴿٣١﴾ وَبَرًّا بِوَالِدَتِي وَلَمْ يَجْعَلْنِي جَبَّارًا شَقِيًّا ﴿٣٢﴾ (مريم)

**നാല് പേരുകളിൽ ഈസാ നബി അറിയപ്പെടുന്നു.**

1. ഈസ ബ്നു മർയം
2. അൽമസീഹ്
3. കലിമതുല്ലാഹ്
4. റൂഹുല്ലാഹ്

❖ **അല്ലാഹു അദ്ദേഹത്തിന് ഇഞ്ചീൽ നൽകി**

- വിശുദ്ധ ഖുർആനിൽ ഈസാ എന്ന പേര് 25 പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്

❖ **നിരവധി മുഅ്ജിസത്തുകൾ റബ്ബ് ഈസാ നബിയിലൂടെ കാണിച്ചു.**

1. കളിമൺ പക്ഷികൾക്ക് ജീവൻ നൽകിയത്
2. വെള്ളപ്പാണ്ട് ശിഫയാക്കിയത്
3. അന്ധന് കാഴ്ച തിരിച്ച് നൽകിയത്...
4. എന്ത് ഭക്ഷണം കഴിച്ചു, എന്താണ് വീട്ടിലുള്ളത് എന്നു പറയും.

**തുടങ്ങി പലതും..... (സൂറത്തു മായിദ (110-115) നോക്കുക)**

❖ **അദ്ദേഹം ജനങ്ങളെ സത്യ മാർഗത്തിലേക്ക് ക്ഷണിച്ചു.**

إِنَّ اللَّهَ رَبِّي وَرَبُّكُمْ فَاعْبُدُوهُ ۚ هَٰذَا صِرَاطٌ مُّسْتَقِيمٌ ﴿مريم: ٥١﴾

- തങ്ങളുടെ ദുഷിച്ച വിശ്വാസങ്ങൾക്കും, സ്വഭാങ്ങൾക്കുമെതിരെ നില കൊള്ളുന്ന പ്രവാചകന്മാരെ വധിക്കുക എന്നത് ഇസ്രാഈല്യരുടെ സ്വഭാവമായിരുന്നു.
- ഈസാ നബിയെയും അവർ വധിക്കാൻ തീരുമാനിച്ചു.

❖ **റബ്ബ് അവരുടെ തന്ത്രങ്ങളെ പരാജയപ്പെടുത്തി.**

وَقَوْلِهِمْ إِنَّا قَتَلْنَا الْمَسِيحَ عِيسَى ابْنَ مَرْيَمَ رَسُولَ اللَّهِ وَمَا قَتَلُوهُ وَمَا صَلَبُوهُ وَلَٰكِن شُبِّهَ لَهُمْ ۚ وَإِنَّ الَّذِينَ اخْتَلَفُوا فِيهِ لَفِي شَكٍّ مِّنْهُ ۚ مَا لَهُم بِهِ مِنْ عِلْمٍ إِلَّا اتِّبَاعَ الظَّنِّ ۚ وَمَا قَتَلُوهُ يَقِينًا ﴿١٥٧/٤﴾

- **അവർക്ക് അദ്ദേഹത്തെ വധിക്കാൻ സാധിച്ചില്ല. ആകാശത്തേക്ക് ഉയർത്തി.**

❖ **ഈസാ നബി (അ) ഇറങ്ങി വരും.**

- ഈസാ നബി (അ) ഇറങ്ങി വരും എന്നതിന് നാലു ഖുർആൻ ആയത്തുകൾ തെളിവാണ്.

وَإِنَّهُ لَعِلْمٌ لِلسَّاعَةِ فَلَا تَمْتَرُنَّ بِهَا وَاتَّبِعُونِ هَذَا صِرَاطٌ مُسْتَقِيمٌ (٦١) (الزحرف)

عن ابن عباس،( وَإِنَّهُ لَعِلْمٌ لِلسَّاعَةِ ) قال: خروج عيسى ابن مريم. (طبري) { إِنْ هُوَ } ما هو، يعني عيسى عليه السلام (بغوي)

ഇബ്നു അബ്ബാസ്(റ) പറഞ്ഞു: (തീർച്ചയായും അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിയിപ്പാകുന്നു) : അന്ത്യനാളിന് മുമ്പുള്ള ഈസാ നബി (അ) യുടെ പുറപ്പാട്. (അഹ്മദ്)

❖ **അദ്ദേഹം ഇറങ്ങി വരുമെന്ന് ഹദീസുകളിൽ**

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم وَالَّذِي نَفْسِي بِيَدِهِ، لَيُوشِكَنَّ أَنْ يَنْزِلَ فِيكُمُ ابْنُ مَرْيَمَ حَكَمًا عَدْلاً، فَيَكْسِرَ الصَّلِيبَ، وَيَقْتُلَ الْخِنْزِيرَ، وَيَضَعَ الْجِزْيَةَ، وَيَفِيضَ الْمَالُ حَتَّى لاَ يَقْبَلَهُ أَحَدٌ، حَتَّى تَكُونَ السَّجْدَةُ الْوَاحِدَةُ خَيْرًا مِنَ الدُّنْيَا وَمَا فِيهَا ". ثُمَّ يَقُولُ أَبُو هُرَيْرَةَ وَاقْرَءُوا إِنْ شِئْتُمْ {وَإِنْ مِنْ أَهْلِ الْكِتَابِ إِلاَّ لَيُؤْمِنَنَّ بِهِ قَبْلَ مَوْتِهِ وَيَوْمَ الْقِيَامَةِ يَكُونُ عَلَيْهِمْ شَهِيدًا(بخاري)

അബൂഹുറൈറ (റ) വിൽ നിവേദനം: നബി ﷺ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയിലാണോ അവൻ ( അല്ലാഹു) തന്നെയാണെ സത്യം, ഈസാ ഇബ്നു മറിയം നീതിമാനായ ഭരണാധികാരിയായി വന്നിറങ്ങുവാൻ സമയമെടുത്തിരിക്കുന്നു. അദ്ദേഹം കുരിശ് ഉടക്കുകയും പന്നിയെ കൊല്ലുകയും ‘ജിസ്‌യ’ നിർത്തലാക്കുകയും ചെയ്യും. യാതൊരാളും സമ്പത്ത് സ്വീകരിക്കാത്ത വിധം സമ്പത്ത് ഒഴുകും. എത്രത്തോളമെന്നാൽ ഭൗതിക ലോകത്തേക്കാളും അതിലുള്ള (ഭൌതിക സുഖത്തേക്കാളും) ഒരു സുജൂദ് ഉത്തമമായിത്തീരും. അബൂഹുറൈറ(റ) പറയുന്നു: നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ പാരായണം ചെയ്യുക: വേദ ക്കാരിൽ ആരും തന്നെ അദ്ദേഹത്തിൻറെ (ഈസായുടെ) മരണത്തിനുമുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി ഉണ്ടാവുകയില്ല. ഉയിർത്തെഴുന്നേൽപിൻറെ നാളിലാകട്ടെ അദ്ദേഹം അവർക്കെതിരിൽ സാക്ഷിയാകുകയും ചെയ്യും. (ഖുർആൻ:4/159) (ബുഖാരി)

- അന്ത്യ ദിനത്തിന്റെ അടയാളമായി ഈസാ നബിയുടെ ഇറക്കവും അനുബന്ധ സംഭവങ്ങളും ഉണ്ടാകും.
- തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കാൻ അയക്കപ്പെട്ട ആ മഹാനായ പ്രവാചകൻ ഇന്ന് ക്രൈസ്തവ സമൂഹത്തിന്

■ ദൈവമാണ്

■ ദൈവ പുത്രനാണ്

■ ത്രിത്വ വിശ്വാസത്തിൽ ഒരാളാണ്.

(ഏകനായ ദൈവത്തിൽ,പിതാവ് – പുത്രൻ – പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളുൾ അടങ്ങിയിരിക്കുന്നുവെന്ന വിശ്വാസമാണ് ത്രിത്വം. ഇത് തെറ്റായ വാദമാണ്)

❖ **വിശുദ്ധ ക്വുർആൻ അവരുടെ ദുഷിച്ച വിശ്വാസങ്ങൾക്കെതിരെ നില കൊണ്ടു.**

وَقَالُوا اتَّخَذَ الرَّحْمَٰنُ وَلَدًا ﴿٨٨﴾ لَّقَدْ جِئْتُمْ شَيْئًا إِدًّا ﴿٨٩﴾ تَكَادُ السَّمَاوَاتُ يَتَفَطَّرْنَ مِنْهُ وَتَنشَقُّ الْأَرْضُ وَتَخِرُّ الْجِبَالُ هَدًّا ﴿٩٠﴾ أَن دَعَوْا لِلرَّحْمَٰنِ وَلَدًا ﴿٩١﴾ (مريم)

❖ **പുത്രവാദം നടത്തിയവരെ അല്ലാഹു ശപിച്ചു**

وَقَالَتِ الْيَهُودُ عُزَيْرٌ ابْنُ اللَّهِ وَقَالَتِ النَّصَارَى الْمَسِيحُ ابْنُ اللَّهِ ۖ ذَٰلِكَ قَوْلُهُم بِأَفْوَاهِهِمْ ۖ يُضَاهِئُونَ قَوْلَ الَّذِينَ كَفَرُوا مِن قَبْلُ ۚ قَاتَلَهُمُ اللَّهُ ۚ أَنَّىٰ يُؤْفَكُونَ ﴿التوبة: ٣٠﴾

عَنِ ابْنِ عَبَّاسٍ ـ رضى الله عنهما ـ عَنِ النَّبِيِّ صلى الله عليه وسلم قَالَ : قَالَ اللَّهُ كَذَّبَنِي ابْنُ آدَمَ وَلَمْ يَكُنْ لَهُ ذَلِكَ، وَشَتَمَنِي وَلَمْ يَكُنْ لَهُ ذَلِكَ، فَأَمَّا تَكْذِيبُهُ إِيَّاىَ فَزَعَمَ أَنِّي لاَ أَقْدِرُ أَنْ أُعِيدَهُ كَمَا كَانَ، وَأَمَّا شَتْمُهُ إِيَّاىَ فَقَوْلُهُ لِي وَلَدٌ، فَسُبْحَانِي أَنْ أَتَّخِذَ صَاحِبَةً أَوْ وَلَدًا

ഇബ്നു അബ്ബാസിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹു പറയുന്നു: ആദമിന്റെ പുത്രൻ എന്നെ വ്യാജമാക്കി. അവന് അതു പാടില്ലായിരുന്നു. അവൻ എന്നെക്കുറിച്ചു പഴി പറഞ്ഞു, അതും അവനു പാടില്ലായിരുന്നു. അവൻ എന്നെ വ്യാജമാക്കിയെന്നു പറഞ്ഞതു അവന്റെ ഈ വാക്കാണ് : 'എന്നെ ആദ്യം സൃഷ്ടിച്ചതുപോലെ അവൻ – അല്ലാഹു എന്നെ വീണ്ടും സൃഷ്ടിക്കുന്നതല്ലതന്നെ.' എന്നെ പഴി പറഞ്ഞതാകട്ടെ, 'എനിക്കു സന്താനമുണ്ടെന്ന് ' അവൻ പറഞ്ഞതാണ്. ഒരു ഇണയെയോ, സന്താനത്തെയോ സ്വീകരിക്കുന്നതിൽ നിന്ന് ഞാൻ മഹാ പരിശുദ്ധനമത്രെ. (ബുഖാരി)

❖ **റബ്ബിന്റെ പേരിൽ അസത്യം പ്രചരിപ്പിക്കരുതെന്നും, മതത്തിൽ അതിരുവിടരുതെന്നും റബ്ബ് അവർക്ക് മുന്നറിയിപ്പ് നൽകി.**

يَا أَهْلَ الْكِتَابِ لَا تَغْلُوا فِي دِينِكُمْ وَلَا تَقُولُوا عَلَى اللَّهِ إِلَّا الْحَقَّ ۚ إِنَّمَا الْمَسِيحُ عِيسَى ابْنُ مَرْيَمَ رَسُولُ اللَّهِ وَكَلِمَتُهُ أَلْقَاهَا إِلَىٰ مَرْيَمَ وَرُوحٌ مِّنْهُ ۖ فَآمِنُوا بِاللَّهِ وَرُسُلِهِ ۖ وَلَا تَقُولُوا ثَلَاثَةٌ ۚ انتَهُوا خَيْرًا لَّكُمْ ۚ إِنَّمَا اللَّهُ إِلَٰهٌ وَاحِدٌ ۖ سُبْحَانَهُ أَن يَكُونَ لَهُ وَلَدٌ ۘ لَّهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ ۗ وَكَفَىٰ بِاللَّهِ وَكِيلًا ﴿٤/ ١٧١﴾

❖ **ഈസാ നബിയെ അനുയായികൾ അതിര് കടന്ന് സ്നേഹിച്ചത് പോലെ തന്നെ സ്നേഹിക്കരുതെന്ന് പ്രവാചകനും മുന്നറിയിപ്പ് നൽകി.**

عَنِ ابْنِ عَبّاسٍ، سَمِعَ عُمَرَ يَقُولُ عَلَى المِنبَرِ: سَمِعْتُ النَّبِيَّ ﷺ يَقُولُ :لاَ تُطْرُونِي، كَما أطْرَتْ النَّصارى ابْنَ مَرْيَمَ، فَإنَّما أنا عَبْدُهُ، فَقُولُوا عَبْدُ اللَّهِ، ورَسُولُهُ

എന്നാൽ ദൈവപുത്ര വിശ്വാസത്തിൽ അധിഷ്ഠിതമായ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ ഇന്ന് ചില മുസ്ലിംകൾ പോലും പങ്കെടുത്തുകൊണ്ടിരിക്കുന്നത് എത്ര ഖേദകരമാണ്.

❖ **പല നിലക്കും ആ ആഘോഷങ്ങളെ അനുകരിക്കുകയാണവർ.**

- ആശംസാ കാർഡുകൾ
- സ്റ്റാർ തൂക്കൽ
- Fb സ്റ്റാറ്റസ്സുകൾ,
- കേക്ക് മുറിക്കൽ

**തുടങ്ങി പലതും.....**

❖ **ശൈഖ് ഉസൈമീൻ (റഹി) പറയുന്നു;**

قال الشيخ ابن عثيمين.و كذلكَ يحرمُ علىَ المسلمينَ التَشَّبهُ بِا الكُفَّارِ بِاقَامةِ الحفَلاتِ بهذهِ المَناسبَاتِ اوْ تبادُلِ الهدَايَا او توزِيعُ الحلَوىَ اوْ اطْبَاقِ الطَّعامِ او تَعْطِيلِ الأعْمالِ و نحو ذلك....

ശൈഖ് ഇബ്ന് ഉഥൈമീൻ റഹി പറഞ്ഞു: അപ്രകാരം അവിശ്വാസികളോട് സാദൃശ്യം ഉണ്ടാക്കുക എന്നതും മുസ്ലിമീങ്ങൾക് അനുവതനീയമല്ല... അത്തരം ആഘോഷങ്ങൾ കൊണ്ടാടുകയോ പരസ്പരം ഹദിയകൾ കൈമാറുകയോ മധുരപലഹാരം വിതരണം ചെയ്യുകയോ ഭക്ഷണം പാചകം ചെയ്യുകയോ പ്രത്യേക അവധി നിശ്ചയിക്കുകയോ ചെയ്യുന്നത് പാടുള്ളതല്ല...

എനിക്കതിൽ വിശ്വാസമൊന്നുമില്ല  എന്ന് ന്യായം പറഞ്ഞു പങ്ക് ചേരുന്നവർ.

**എന്നാൽ പ്രവാചകൻ പറഞ്ഞു.**

عَنْ عَمْرِو بْنِ شُعَيْبٍ، عَنْ أَبِيهِ، عَنْ جَدِّهِ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : لَيْسَ مِنَّا مَنْ تَشَبَّهَ بِغَيْرِنَا لاَ تَشَبَّهُوا بِالْيَهُودِ وَلاَ بِالنَّصَارَى فَإِنَّ تَسْلِيمَ الْيَهُودِ الإِشَارَةُ بِالأَصَابِعِ وَتَسْلِيمَ النَّصَارَى الإِشَارَةُ بِالأَكُفِّ

അംറിബ്നു ഷുഐബ്  (റ) തന്റെ പിതാവിൽ നിന്നും നിവേദനം : നബി ﷺ പറഞ്ഞു: നമ്മെ അല്ലാത്തവരെ അനുകരിച്ചവൻ നമ്മിൽ പെട്ടവനല്ല! ജൂതന്മാരെയും ക്രിസ്ത്യാനികളെയും നിങ്ങൾ അനുകരിക്കരുത്. എന്തെന്നാൽ, ജൂതന്മാരുടെ അഭിവാദനം വിരലുകൾ (ഇളക്കി) കൊണ്ട് ആംഗ്യം കാണിക്കലാണ്.ക്രിസ്ത്യാനികളുടെ അഭിവാദനമാവട്ടെ കൈപത്തി(ഉയർത്തി കാണിച്ച്) കൊണ്ടുള്ള ആംഗ്യവും. (തിർമിദി)

عَنِ ابْنِ عُمَرَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ

ഇബ്നു ഉമറിൽ (റ) നിന്ന് നിവേദനം: നബി ﷺ പറയുന്നു : ആരെങ്കിലും ഏതെങ്കിലും ജനതയോട് സാമ്യപ്പെട്ടാൽ അവൻ അവരിൽപെട്ടവനാണ്. (അബൂദാവൂദ്)

- വിശ്വാസം വേണമെന്നില്ല,ആചാരങ്ങളോട് സദൃശപ്പെട്ടൽ തന്നെ അവൻ അവരിൽ പെട്ടവനായി എന്ന് ഈ നബിവചനം പഠിപ്പിക്കുന്നു.
- എന്നാൽ ഒരു ക്രൈസ്തവ സഹോദരന്റെ വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കരുതെന്നോ അവനുമായി സഹകരിക്കരുതെന്നോ ആരും തെറ്റിദ്ധരിക്കേണ്ടതില്ല.
- അവന്റെ വീട്ടിൽ നിന്ന് നമുക്ക് ഭക്ഷണം കഴിക്കാം. അവനോട് നല്ല നിലയിൽ സഹകരിക്കാം. അവന് ഒരു ആവശ്യം വരുമ്പോൾ അത് നമ്മുടെ ആവശ്യമായി കണ്ട് സഹായിക്കണം.
- അവന്റെ സാഹചര്യത്തിനനുസരിച്ച് പണം കടമായും സ്വദഖയായും നൽകാം. അവൻ രോഗിയായാൽ സന്ദർശിക്കണം, അവന്റെ രോഗം മാറാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കണം എന്നുവേണ്ട മനുഷ്യത്വപരമായി അവനെ നമ്മുടെ സഹോദരനായി കണ്ട് നാം സഹായിക്കണം. അതെല്ലാം അല്ലാഹുവിങ്കിൽ സ്വീകാര്യമായ പുണ്യകർമ്മങ്ങളാണ്.

لَّا يَنْهَاكُمُ اللَّهُ عَنِ الَّذِينَ لَمْ يُقَاتِلُوكُمْ فِي الدِّينِ وَلَمْ يُخْرِجُوكُم مِّن دِيَارِكُمْ أَن تَبَرُّوهُمْ وَتُقْسِطُوا إِلَيْهِمْ إِنَّ اللَّهَ يُحِبُّ الْمُقْسِطِينَ ﴿الممتحنة:٨﴾

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ

https://sufaraulislam.com/